"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

YEARS OF CELEBRATING THE MAHATMA

സംഗ്രഹം

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2024-25 — കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് നമ്പർ 4412 (റബ്കോ) ന് ധനസഹായം അനുവദിയ്ക്കുന്നത് - രണ്ടാം ഗഡു തുക അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.292/2024/Co-Op തീയതി,തിരുവനന്തപുരം, 14-06-2024

---

പരാമർശം:-

1. 23/05/2023 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

2. സഹകരണ സംഘം രജിസ്ട്രാറുടെ 09/06/2023 ,15/09/2023,11/12/2023 ,21/03/2024എന്നീ തീയതികളിലെ P&MB(4) 5146/23നം. കത്ത്.

3. സ.ഉ (സാധാ) നം 419/2023/സഹ തീയതി 12/07/2023

4. സ.ഉ (സാധാ) നം.16/2024/സഹ തീയതി 11/01/2024

5. 17/05/2024 ലെ ധനകാര്യ വകുപ്പിന്റെ അഗ്രി സി1/70/2024/ധന നം കുറിപ്പ്

6.ഇ അനുമതി നമ്പർ AS/COP/24/34930.

ഉത്തരവ്

കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് നമ്പർ 4412 (റബ്കോ) ന് “മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി” പ്രകാരം 80,47,600/- രൂപ അനുവദിക്കുന്നതിനുള്ള അപേക്ഷ 23/05/2023ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് പരിഗണിച്ചിരുന്നു. കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് നമ്പർ 4412 (റബ്കോ) നേരിടുന്ന സാമ്പത്തികവും ഉല്പാദന ക്ഷമതയുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ പരിഹരിയ്ക്കുന്നതിനായി റബ്കോയുടെ പ്രവർത്തനത്തെ സംബന്ധിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിന് കോഴിക്കോട് IIM നെ ചുമതലപ്പെടുത്തുന്നതിന് ആവശ്യമായി വരുന്ന പഠനത്തിന്റെ ചെലവിനായി “മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി” പ്രകാരം 80,47,600/- രൂപ (എൺപത് ലക്ഷത്തി നാൽപ്പത്തേഴായിരത്തി അറുന്നൂറ് രൂപ മാത്രം)

ധനസഹായം, 2425-108-67-34-3 എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (3,) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ആയതിൽ 50% തുകയായ 40,23,800 രൂപ (നാൽപ്പത് ലക്ഷത്തി ഇരുപത്തിമൂവായിരത്തിഎണ്ണൂറ് രൂപ മാത്രം), 2425-108-67-34-3 എന്ന ശീർഷകത്തിൽ നിന്നും 2023-24 സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് നമ്പർ 4412 (റബ്‌കോ) നേരിടുന്ന സാമ്പത്തികവും ഉല്പാദന ക്ഷമതയുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ പരിഹരിയ്ക്കുന്നതിനായി റബ്‌കോയുടെ പ്രവർത്തനത്തെ സംബന്ധിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിന് കോഴിക്കോട് IIM നെ ചുമതലപ്പെടുത്തുന്നതിന് ആവശ്യമായി വരുന്ന പഠനത്തിന്റെ ചെലവിനായി "മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി" പ്രകാരം ഇനി അനുവദിക്കാനുള്ള 40,23,800 രൂപ (നാൽപ്പത് ലക്ഷത്തി ഇരുപത്തിമൂവായിരത്തിഎണ്ണൂറ് രൂപ മാത്രം), 2425-108-67-34-3 എന്ന ശീർഷകത്തിൽ നിന്നും 2024-25 സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

AJI PHILIP

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/70/2024/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 18-06-2024 10:49:25

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ ക്ക്.